## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 261 — 19-02-2016 -ൽ മറുപടിക്ക്

## വെള്ളക്കെട്ടുകളിലെ മുങ്ങിമരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ.എൻ.എ.ഖാദർ** | | **ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | വെള്ളക്കെട്ടുകളിലെ മുങ്ങിമരണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ; | എ) | വെള്ളക്കെട്ടുകളിലെ മുങ്ങിമരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവപൂർവ്വം പരിഗണിച്ചുകൊണ്ട്, ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | ചെറുപ്പക്കാരും കുട്ടികളുമാണ് കൂടുതലായി അപകടങ്ങളിൽപ്പെടുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ഇത്തരം അപകടങ്ങളെ പ്രകൃതി ദുരന്തമെന്ന നിലയിൽ പരിഗണിക്കുകയും ആവശ്യമായ അടിയന്തര അപകടനിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുമോ? | സി) | ഏതൊക്കെ ദുരന്തങ്ങളാണ് പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നത് എന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ നിബന്ധനകൾ പുറപ്പെടുവിക്കാറുണ്ട്. ദുരന്തങ്ങളെ പ്രകൃതിജന്യമെന്നും മനുഷ്യനിർമ്മിതമെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. നിലവിലുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന തലത്തിൽ പ്രകൃതി ദുരന്തമായി അംഗീകരിച്ചിട്ടില്ലാത്തതിനാൽ വെള്ളക്കെട്ടിലെ മുങ്ങിമരണങ്ങളെ അപകടമരണങ്ങൾ മാത്രമായേ പരിഗണിക്കാൻ നിർവ്വാഹമുള്ളൂ. അതുകൊണ്ടു തന്നെ ഇത്തരം അപകടങ്ങളെ പ്രകൃതി ദുരന്തമെന്ന നിലയിൽ പരിഗണിക്കാനാവുകയില്ല. എന്നാൽ വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന മരണങ്ങൾ പ്രകൃതി ദുരന്തത്തിലുൾപ്പെടുത്തി ആശ്വാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.